


എം.ഇ.എസ് കോളേജിൽ നിന്നും യുജിസി യുടെ നിർദ്ദേശം അനുസരിച്ച് ആദ്യമായി പ്രൊഫസർഷിപ്പ് കരസ്ഥമാക്കിയ പ്രിൻസിപ്പാൾ ഡോ.ബിജുവിനെ പി.ടി.എ ആദരിക്കുന്നു

# അസ്മാബി കോളജിൽ പിടിഎ പ്രതിഭകളെ ആദരിച്ചു

എസ്.എൻ.പുരം: എംഇഎസ് അസ്മാബി കോളജിൽ പിടിഎയുടെ ആഭിമുഖ്യത്തിൽ ബഹുമുഖ പ്രതിഭകളെ ആദരിച്ചു. എംഇഎസ് കോളേജിൽ നിന്നും യുജിസിയുടെ നിർദ്ദേശം അനുസരിച്ച് ആദ്യമായി പ്രൊഫസർഷിപ്പ് കരസ്ഥമാക്കിയ കോളജ് പ്രിൻസിപ്പാൾ ഡോ.ബിജുവിനെ പിടിഎ ആദരിച്ചു. എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഈ വർഷം പിഎച്ച്ഡി കരസ്ഥമാക്കിയ ജീന. പി.എം ഡോ ജെസ്ന എൻ എം ബോട്ടണി റിസർച്ച് ഡിപ്പാർട്ട്മെന്റിൽ നിന്നും പി എച്ച് ഡി നേടിയ ഡോക്ടർ ഫെമിന സിസി ഗൗതമി അരുൺ ടി റാം എന്നിവരെ ആദരിച്ചു. കൂടാതെ പ്രകൃതി റിസർച്ച് ഫെലോഷിപ്പ് റെഫർ ഫൗണ്ടേഷൻ ഇവ കരസ്ഥമാക്കിയ ബോട്ടണി റിസർച്ച് സെൻററിലെ ദേവിക അനിൽകുമാർ, ഈ വർഷം കാലിക്കറ്റ് യുണിവേഴ്സിറ്റിയിൽ നിന്നും റാങ്ക് കരസ്ഥമാക്കിയ എംഇഎസ് അസ്മാബി കോളേജിലെ വിദ്യാർത്ഥികളായ സാറാജോണി, ഹാഷിം പി എൽ സകല ഹിസാന തസ്നിയും റിസ്വാന തസ്നിയും അഖില ഷാനവാസ് എൻ എസ് രത്ത് സബാഹ് സി എന്നിവർക്ക് ക്യാഷ് അവാർഡ് നൽകി. വിവിധ പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും ഓരോ വിഷയത്തിൽ മികവുപുലർത്തിയ വർക്കും ക്യാഷ് അവാർഡ് നൽകി ആദരിച്ചു. പ്രിൻസിപ്പാൾ ഡോ എ ബിജു അധ്യക്ഷനായി. പിടിഎ വൈസ് പ്രസിഡന്റ് കെ എം മുഹമ്മദ് അഷറഫ് സ്വാഗതം പറഞ്ഞു. കോളജ് സെക്രട്ടറി നവാസ് കാട്ടകത്ത്, ട്രഷറർ മുസ്താഖ് മൊയ്തീൻ, വൈസ് പ്രിൻസിപ്പൽ ഡോറിന മുഹമ്മദ്, ഡയറക്ടർ സെൽഫിനാൻസിംഗ് കോഴ്സ് ഡയറക്ടർ കെ.പി സുമേധൻ, പിടിഎ എക്സിക്യൂട്ടീവ് മെമ്പേഴ്സ്, ഐക്യുഎസി കോഡിനേറ്റർ ഡോ.ർ ഷഫീർ പി എസ്, കോഡിനേറ്റർ ഡോ. അമിതാബച്ചൻ, സെക്രട്ടറി ഡോ. സനന്ദ് സദാനന്ദ എന്നിവർ പങ്കെടുത്തു. പിടിഎ സെക്രട്ടറി ഡോ. കെ.എം സഫിയ റിപ്പോർട്ട് അവതരിപ്പിച്ചു. പിടിഎ ജോയിൻ സെക്രട്ടറി ജിഷാ വിനോദ് നന്ദി പറഞ്ഞു.